LIBRARY ARCHIVES Kerala Legislative Assembly

## ആദിവാസി മേഖലയിലെ വിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞി പദ്ധതി

132 [295] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലുള്ള സംസ്ഥാനത്തെ ഭിന്നതല വിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞി പദ്ധതിക്ക് നൽകിയിരുന്ന സാമ്പത്തിക സഹായത്തിൽ സർക്കാർ കുറവ് വരുത്തുകയോ, നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതിയനുസരിച്ചുള്ള ഉച്ചക്കഞ്ഞി വിതരണം നിലച്ചതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആദിവാസികൾ പട്ടിണിമൂലം മരണമടഞ്ഞിട്ടുണ്ട്; ഇവരുടെ ആശ്രിതർക്ക് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിരുന്നോ?

### ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ആദിവാസി പോലും പട്ടിണി കിടക്കാൻ പാടില്ല എന്ന് ഉറപ്പുവരുത്താൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ഫ്രീ റേഷൻ വഴിയോ, ഫുഡ്സപ്പോർട്ട് പ്രോഗ്രാം വഴിയോ നടപ്പിലാക്കാൻ സർക്കാർ അധികാരം നൽകിയിട്ടുണ്ട്. തക്കതായ നപടികൾ സ്വീകരിക്കുന്നതുമൂലം മേൽ മറുപടിയുടെ വെളിച്ചത്തിൽ സഹായം നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല. പട്ടിണി മൂലം ആരും മരണമടഞ്ഞിട്ടില്ല.

## ആദിവാസി കുടുംബങ്ങൾ നേരിടുന്ന ദുരിതങ്ങൾക്ക് ആശ്വാസം നൽകാൻ നടപടി

133 [296] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ പഠിപ്പിക്കാനും ചികിത്സിക്കുന്നതിനും കഴിവില്ലാത്തതിനാൽ സംസ്ഥാനത്തെ ആദിവാസി കുടുംബങ്ങൾ നേരിടുന്ന ദുരിതങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസികളുടെ വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും ഉള്ള സംവിധാനങ്ങളും പരിപാടികളും ഫലപ്രദമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;